പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 611 07.01.14-ൽ മറുപടിക്കുണ്ടായിരുന്നത്

"ഹോം അപ്ലയൻസ് ഡീലർമാർ നടത്തുന്ന നികുതി വീഴ്ചകൾ"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ്. | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോം അപ്ലയൻസ് ഡീലർമാർ നടത്തുന്ന നികുതി വീഴ്ചകൾ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നികുതി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമായി 24 മണിക്കൂറിലും പ്രവർത്തിക്കുന്ന ഇന്റലിജൻസ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ആഡിറ്റ് വിസിറ്റ്, ആഡിറ്റ് അസസ്മെന്റ്, റിട്ടേൺ സ്ക്രൂട്ടിനി എന്നിവയും നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത കാര്യം നിരീക്ഷിക്കുന്നതിനും തട്ടിപ്പ് തടയുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. പാഴ്സൽ വണ്ടികൾ അഴിച്ചു പരിശോധിക്കുന്നുണ്ട്. റയിൽവേ വഴി വരുന്ന ചരക്കുകൾ കർശന പരിശോധനയ്ക്ക് വിധേയമാക്കിവരുന്നു. ഇവ കൂടാതെ നികുതിവെട്ടിപ്പ് ബോദ്ധ്യപ്പെടുന്ന കേസ്സുകളിൽ കടപരിശോധനയും നടന്നു വരുന്നു. |
| (സി) | ഹോം അപ്ലയൻസ് ഡീലർമാരും നികുതി ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം നികുതി വർദ്ധനയ്ക്ക് തടസം നില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുതവിഷയത്തിൽ കുറ്റമറ്റ സംവിധാനം ഉറപ്പാക്കി നികുതി വരുമാനം നിലനിർത്തുവാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | വകുപ്പിലെ ഉദ്യോഗസ്ഥർ നികുതി തട്ടിപ്പിന് കൂട്ടുനിന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. നികുതി വെട്ടിപ്പ് തടയുന്നതിന് കുറ്റമറ്റ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. |
| (ഡി) | ഹോം അപ്ലയൻസിന്റെ വില്പനയിൽ ഉണ്ടാകുന്ന വർദ്ധനയേയും, നികുതി പിരിവിനേയും സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ; യഥാർത്ഥത്തിൽ | (ഡി) | ഹോം അപ്ലയൻസിന്റെ വിൽപ്പനയിൽ ഉണ്ടാകുന്ന വർദ്ധനയേയും നികുതി പിരിവിനെയും സംബന്ധിച്ച കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) |

സംസ്ഥാനത്ത് നടക്കുന്ന ഹോം അപ്ലയൻസ് വില്പനയുടെ എത്ര ശതമാനം നികുതി വിധേയമാകാതെ പോകുന്നതായി അറിയാം, വിശദമാക്കാമോ?

| വർഷം | ഹോം അപ്ലയൻസിന്റെ വിറ്റുവരവ് | ഹോം അപ്ലയൻസിന്റെ വിറ്റുവരവിൽ ഉണ്ടായ വർദ്ധന | നികുതി പിരിവ് (തുക കോടിയിൽ) |
|---|---|---|---|
| 2009-10 | 2219.28 | | 193.86 |
| 2010-11 | 2557.81 | 338.52 | 222.88 |
| 2011-12 | 3019.54 | 461.73 | 255.49 |
| 2012-13 | 3346.81 | 327.27 | 282.52 |
| 2013-14 | 3751.27 | 404.45 | 319.46 |

സംസ്ഥാനത്ത് നടക്കുന്ന ഹോം അപ്ലയൻസിന്റെ വിൽപ്പന, നികുതി വിധേയമാകാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ആഫീസർ.